വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ഏയുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) പ്രൈവറ്റ സർവ്വീസു കാടിക്കൊണ്ടിരിക്കുന്ന മിക്കവാറും എല്ലാ വീടുകളിലും സ്റ്റോറേജ് ടാൻസ്റ്റോട്ട് സപ്ലൈസു ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ആർ. കെ. രാമ്: പ്രൈവറ്റ് പബ്ലിക്കേഷൻസ് ഓടും സ്കൂൾകളിൽ ഏതാവതു കാര്യങ്ങളിൽ competition അനുവദിക്കപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കാമ്പറേഷൻ ഉണ്ട്. നോട്ടിഫൈ ചെയ്യപ്പെട്ട ഇല്ലാത്ത സ്ഥലത്തു മിക്കവാറും കാമ്പറേഷൻ ഉണ്ട്.

ശ്രീ. ആർ. കെ. രാമ്: അതിനെതിരെ stay order പോട്ടിട്ടുണ്ടോ മന്ത്രി അവർകളുക്കു തെരിയുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: സ്റ്റേ ഓർഡർ പലതിലും ഉണ്ട്.

നൂൽവിതരണം

* ൭൫൨. (൨൨) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട സിവിൽസപ്ലൈസു് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

പുതിയ നൂൽകണ്ടോം ഏർപ്പെടുത്തിയതിനുശേഷം ൨൦൨൨-൨൩-ൽ മുമ്പു് ചെറിയഴീക്കലും, പുത്തൻതുറയും മത്സ്യവ്യവസായികൾക്കു് എത്ര പ്രാവശ്യം നൂൽവിതരണം നടത്തി; അതേ താലൂക്കിലുള്ള നീണ്ടകര, കരിത്തുറ എന്നീ സ്ഥലങ്ങളിലുള്ളവർക്കു് എത്ര പ്രാവശ്യം വിതരണം നടത്തി?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

൨൦൨൨—൨൩-ൽ മുൻപു് ചെറിയഴീക്കലും, പുത്തൻതുറയും രണ്ടു പ്രാവശ്യവും നീണ്ടകരയും, കരിത്തുറയും ഒരു പ്രാവശ്യവും നൂൽ വിതരണം നടത്തിയിട്ടുണ്ടു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഒരു പ്രാവശ്യം എന്നു പറഞ്ഞതു് ഏതു് തീയതിയിലാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: തീയതി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഫെബ്രുവരി മാസത്തിലാണു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഞാൻ ചോദിച്ചിരിക്കുന്നതു് ൨൦൨൩ ജനുവരി ൨൬-നു-മുമ്പിലേതാണു്. അതിനു് മുൻപു് കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു് മുൻപും കൊടുത്തിട്ടുണ്ടു്. ഡിസംബറിലും ജനുവരിയിലും കൊടുത്തിട്ടുണ്ടു്.

പരീക്ഷച്ചെലവു് കുടിശ്ശിക

* ൭൫൩. (൨൨) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൨൦൨൩ മാർച്ചിലെ ഈ. എസ്സു്. എൽ. സി. പരീക്ഷ നടത്തിയ വകയിൽ എത്തെല്ലാം സെൻറുകളിലെ ചെലവുകൾ ഇനിയും കൊടുത്തുതീർക്കാതെ കിടപ്പുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അടുത്ത വർഷത്തെ പരീക്ഷയ്ക്കു് സമയമായിട്ടും അതു് കൊടുത്തു തീർക്കാതെ കിടക്കുന്നതു് എന്തുകൊണ്ടാണു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഒരു സെൻററിലേയും ചെലവു് ഇനിയും കൊടുക്കാനില്ല.

(ബി) എ-യുടെ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: എന്നാണു് ഈ തുക കൊടുത്തതെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: തിയതി എന്റെ കൈവശം ഇല്ല. കൊടുത്തുതീർത്തിട്ടുണ്ടു്.

ഫീസു് സൗജന്യം

* 1. (എ) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ.—

(എ) വിമുക്തഭടന്മാരുടെ കുട്ടികൾക്കു് ഫീസു് സൗജന്യം നല്കുന്ന വകയിൽ ഏതെല്ലാം കൊല്ലങ്ങളിലെ തുകകൾ ഗവണ്മെണ്ടിൽനിന്നും കൊടുത്തുതീർക്കാതെ കിടപ്പുണ്ടു്;

(ബി) ഏതെല്ലാം സ്കൂളുകളിലേക്കാണു് ഇനിയും കൊടുക്കാനുള്ളതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) 1947-48 വർഷത്തെ തുക ബില്ലു് അയച്ചുതന്നിട്ടില്ലാത്തതുകൊണ്ടു് ഏതാനും സ്കൂളുകൾക്കും ബാക്കിയുള്ളതു് എല്ലാ സ്കൂളുകൾക്കും കൊടുത്തുതീർക്കുവാനുണ്ടു്.

(ബി) 1948-49 മുതൽ 1950-51 വരെ സ്കൂൾ വർഷത്തിലെ തുക എല്ലാ സ്കൂളുകൾക്കും കൊടുക്കാനുണ്ടു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഈ തുക കൊടുക്കുവാൻ ഇത്ര താമസം വന്നതെന്താണു്?

ശ്രീ. സി. കേശവൻ: അവർ ബില്ലു് അയയ്ക്കാത്തതുകൊണ്ടായിരിക്കണം.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ഈ താമസം പരിഹരിക്കുവാൻ ഗവണ്മെണ്ടിനു് എന്തെങ്കിലും മാർഗ്ഗമുണ്ടോ?

ശ്രീ. സി. കേശവൻ: ബില്ലു് അയച്ചു് ക്രമപ്രകാരം പണം കൊടുക്കുകയല്ലാതെ മറെറാരു മാർഗ്ഗവും സാദ്ധ്യമല്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ഇങ്ങനെ താമസം വരുന്നതുകൊണ്ടു് കുട്ടികൾ വിഷമിക്കുന്നുണ്ടെന്നും ഇതു സംബന്ധിച്ചു് പല പരാതികളും ഉണ്ടായിട്ടുണ്ടെന്നും ഗവണ്മെൻറിനറിയാമോ?

ശ്രീ. സി. കേശവൻ: ചില പരാതികൾ ഉണ്ടായിട്ടുണ്ടു്. കഴിയുന്നതും വേഗത്തിൽ ഈ തുക കൊടുത്തുതീർക്കുവാൻ ഗവണ്മെൻറു് ശ്രദ്ധിക്കുന്നുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly